## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3529. 19.10.2016 ന് മറുപടിയ്ക്ക്

## മദ്യവില്പനയിൽ നിന്നുള്ള വരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മദ്യവില്പനയിൽ നിന്നുള്ള വരുമാനം എത്രയാണെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2016 ജൂൺ മുതൽ സെപ്റ്റംബർ വരെ) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം 4005.28 കോടി രൂപയാണ്. |
| (ബി) | മദ്യവില്പനയിൽ നിന്നുള്ള വരുമാനത്തിൽ പ്രതിമാസം എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (2016 ജൂൺ മുതൽ സെപ്റ്റംബർ വരെ) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം 4005.28 കോടി രൂപയും കഴിഞ്ഞ വർഷം ഇതേ കാലയളവിലെ (2015 ജൂൺ മുതൽ സെപ്റ്റംബർ വരെ) വരുമാനം 3763.93 കോടി രൂപയും ആയിരുന്നു. അപ്രകാരം നടപ്പ് സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് 6.41 % ന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| (സി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ മദ്യവില്പനയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമെന്തെന്ന് അറിയിക്കുമോ? | (സി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുവാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. കേരളീയ സമൂഹത്തിലെ മദ്യപാന ശീലത്തെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിൽ ഊന്നിയുള്ള ഒരു മദ്യനയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യപാനത്തെ |

| | | | |
|---|---|---|---|
| | | | ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളേയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിനായി ബോധവത്ക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനായി ഒരു ബോധവത്ക്കരണ മിഷനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവത്ക്കരണത്തിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് നടത്തിയ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ വ്യാജമദ്യത്തിന്റെ ഒഴുക്ക് വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ നടപടി മൂലം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പനശാലകളിലെ വിൽപ്പന വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് എല്ലാവർഷവും പൊതുവേ മദ്യവിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇവയെല്ലാം മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമാകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**